# കേരളീയം

# വെളിച്ചെണ്ണ സമരം ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയുക

പാമോയിലിനും കോളകൾക്കും എതിരെയുള്ള സമരം പ്രതീകാത്മകമോ പ്രഹസനമോ ആയിക്കൂടാ ഒരു പ്രസംഗത്തിലോ പ്രമേയം പാസ്സാകലിലോ ഒതുങ്ങിക്കൂടാ അത്. വ്യക്തിയെ സംബന്ധിച്ചിടത്തോളം ജീവിതശൈലിയിൽ ഒരു ചെറിയ മാറ്റം, അൽപ്പം സാമ്പത്തിക നഷ്ടം സഹിക്കൽ - ഇത്രയും കൂടിയേ തീരൂ.

കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതിക്കെതിരെ വി.പി. സിംഗിനേയും എച്ച്.ഡി. ദേവഗൗഡയേയും പങ്കെടുപ്പിച്ചുകൊണ്ട് ജനതാദൾ സംഘടിപ്പിച്ച കൊച്ചി തുറമുഖ ഉപരോധസമരമാണ് (ഒക്ടോ.11) പാമോയിൽ വിരുദ്ധസമരത്തിന് വഴിത്തിരിവ് പകർന്നത് എന്നു തോന്നുന്നു. ഇറക്കുമതി ചെയ്ത പാമോയിലിന്റെ പാക്കറ്റ് വേദിയിൽ വെച്ച് പൊട്ടിച്ചൊഴുക്കിയ വി.പി.സിംഗ് വ്യക്തമായ ഒരു മാതൃക കാണിക്കുകയായിരുന്നു.

കേരളത്തിൽ പ്രചാരത്തിൽ രണ്ടാംസ്ഥാനത്തുനിൽക്കുന്ന മാതൃഭൂമി ദിനപത്രം പാമോയിൽ ബഹിഷ്കരണത്തിനു നൽകിയ പിന്തുണ ഈ സമരത്തെ വ്യാപകമാക്കുന്നതിന് ഒട്ടൊന്നുമല്ല സഹായിച്ചത്. ഒക്ടോബർ 15നും 22നും ഇടയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ മൂന്നുതവണ ഈ വിഷയത്തിൽ മുഖ്യപ്രസംഗം തന്നെ എഴുതിയ മാതൃഭൂമി പാമോയിൽ വിരുദ്ധസമരങ്ങൾക്ക് മനഃപൂർവ്വം ഉയർന്ന കവറേജും നൽകി. സമരം വ്യാപകമായപ്പോൾ മാത്രം "ഞങ്ങളും രംഗത്തില്ലാതില്ല" എന്ന മട്ടിൽ രംഗത്തുവന്ന മറ്റു പത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇക്കാര്യത്തിൽ മാതൃഭൂമി തുടക്കംമുതലേ ഈ സമരത്തിന്റെ മുഖപത്രമായി സ്വയം നിലപാടു സ്വീകരിച്ചപോലെയായിരുന്നു. അതേസമയം, പാമോയിൽ ഇറക്കുമതിക്ക് കാരണക്കാരായ കേന്ദ്രഗവൺമെന്റിനെതിരെ കേരളത്തിലുയർന്ന ശക്തമായ ജനവികാരം മറ്റൊരു വഴിക്കും തിരിച്ചുവിടാനാകാതെ, പാമോയിൽ വിരുദ്ധസമരം എന്നൊന്ന് നാട്ടിൽ നടക്കുന്നേയില്ല എന്ന മട്ടിൽ സ്വയം കണ്ണടച്ച് ഇരുട്ടാക്കി സ്വസ്ഥമായിരിക്കുകയാണ് ജന്മഭൂമി. പാമോയിലും കോളയും മാത്രമല്ല, അവയ്ക്കനുകൂലമായ നിലപാടെടുക്കുന്ന പത്രങ്ങളേയും പ്രസ്ഥാനങ്ങളേയും തന്നെ നമുക്ക് കയ്യൊഴിയേണ്ടതുണ്ട്.

'ഇന്ത്യയിലെ ക്രൈസ്തവർ പോപ്പിന്റെ നിയന്ത്രണത്തിൽ നിന്നും മാറി ഇന്ത്യക്കാരനാവണം' എന്നാവശ്യപ്പെട്ട പ്രസ്ഥാനക്കാരേയും ഈ സ്വദേശിസമരമുഖത്തെങ്ങും കാണുകയുണ്ടായില്ല. വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെ സ്വദേശിമന്ത്രം ഉരുവിട്ടുകൊണ്ട് നമ്മുടെ സ്വന്തം കടകമ്പോളങ്ങളെല്ലാം വിദേശികൾക്ക് വിൽക്കുകയും തുറന്നുകൊടുക്കുകയും ചെയ്യുന്ന ഒരു - സർക്കാരിന്റെ (വിട്ടുഭാഗം സ്വന്തം മനോധർമ്മമനുസരിച്ച് പൂരിപ്പിക്കുക) താങ്ങും തണലുമായി നിന്നുകൊണ്ട് സ്വരാജ്യസ്നേഹം വിളമ്പുന്ന ഇത്തരം പ്രസ്ഥാനക്കാരേയും അവർ വിദേശതാല്പര്യക്കാരെന്നു മുദ്രകുത്തുന്നവരേയും താരതമ്യപ്പെടുത്തി അറിയാനും ഈ സമരം സഹായിച്ചു.

നാളികേരത്തിന്റേയും കൊപ്രയുടേയും വിലത്തകർച്ച നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിൽ ജനങ്ങൾ പാമോയിലിനെ ബഹിഷ്കരിക്കണമെന്നും മതപുരോഹിതന്മാരും ബഹിഷ്കരണപരിപാടികൾക്ക് നേതൃത്വം നൽകണമെന്നും ആദ്യം ആഹ്വാനംചെയ്തത് തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റമാണ്.

കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ ഫാർമേഴ്സ് അസോസിയേഷൻ എന്ന പുതിയ കർഷകസംഘടന രൂപീകരിച്ചതും പാമോയിൽ വിരുദ്ധസമരം ശക്തിപ്പെടുത്താനും തീരുമാനിച്ചത് കേരള കാത്തലിക് ബിഷപ്പ്സ് കോൺഫറൻസാണ്.

വടക്കൻ കേരളത്തിലെ പാമോയിൽ വിരുദ്ധസമരത്തിന് ചുക്കാൻ പിടിച്ച കർഷകമുന്നേറ്റസമിതിക്ക് നേതൃത്വം നൽകുന്നത് ഡോ. ആന്റണി കൊഴുവനാൽ എന്ന വൈദികനാണ്.

പക്ഷെ രാജ്യസ്നേഹത്തിന് പേറ്റന്റ് എടുത്ത പ്രസ്ഥാനക്കാരെയൊന്നും ഈ രംഗത്തു കാണാനാവില്ല.

പാമോയിൽ വിൽപ്പനയിൽ നിന്നു പിൻവാങ്ങാൻ തീരുമാനിച്ച വിവിധ വ്യാപാരി-വ്യവസായി സംഘടനകളേയും അനുമോദിക്കേണ്ടതുണ്ട്. ബഹിഷ്കരിക്കണം എന്നൊരു പ്രമേയം പാസ്സാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ നടപടി പോലെ എളുപ്പമല്ലല്ലോ സാധനം വിൽക്കില്ലെന്നു തീരുമാനമെടുത്ത് അത് നടപ്പിൽ വരുത്തുന്നത്. നവംബർ ഒന്നു മുതൽ കോഴിക്കോട് ജില്ലയിൽ പാമോയിൽ വിൽക്കില്ലെന്നു തീരുമാനിച്ച വ്യാപാരി വ്യവസായ ഏകോപനസമിതിയുടെ കോഴിക്കോട് ജില്ലാ ഘടകം കൊടുങ്ങല്ലൂർ താലൂക്കിൽ മുമ്പേ തന്നെ ഇതു നടപ്പാക്കിയ കൊടുങ്ങല്ലൂർ മർച്ചന്റ്സ് അസോസിയേഷൻ എന്നിവ തൊട്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇത്തരം വില്പന ബഹിഷ്കരണം നടത്തിവരുന്ന പഞ്ചായത്തുതല വ്യാപാരി-വ്യവസായി സമിതികൾ വരെ അഭിനന്ദനമർഹിക്കുന്നു.

ജില്ലയിലെ ഹോട്ടലുകളിൽ പാചകത്തിന് വെളിച്ചെണ്ണ മാത്രം ഉപയോഗിക്കാൻ തീരുമാനിച്ച കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷന്റെ ജില്ലാ ഘടകവും സംസ്ഥാനവ്യാപകമായി പാചകത്തിന് വെളിച്ചെണ്ണക്ക് പ്രാധാന്യം നൽകാൻ നിർദ്ദേശം നൽകിയ അവരുടെ സംസ്ഥാന സെക്രട്ടേറിയറ്റും അഭിനന്ദനമർഹിക്കുന്നു.

സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൂടെ ഇപ്പോഴും പാമോയിൽ വിൽപ്പന നടത്തുന്നുണ്ടെങ്കിലും ഡി.വൈ.എഫ്.ഐ പാമോയിലിനെതിരെ സമരരംഗത്തുണ്ട്. സി.പി.ഐ. എം.എൽ. റെഡ്ഫ്ളാഗിന്റെ നേതൃത്വത്തിലുള്ള കേരള സംസ്ഥാന കർഷക സംഘടന ശക്തമായ പ്രതിഷേധസമരങ്ങളുമായി രംഗത്തുണ്ട്.

വെളിച്ചെണ്ണയ്ക്കു മാത്രമല്ല, തെങ്ങിൽ നിന്നുണ്ടാകുന്ന എല്ലാ ഉല്പന്നങ്ങൾക്കും അനുകൂലമായ ഒരു ജീവിതരീതി കെട്ടിപ്പടുക്കാൻ കേരളീയരെ പ്രേരിപ്പിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ഈ സമരങ്ങൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു.